**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പ്രവാസി കേരളീയ കാര്യ വകുപ്പ്- ലോക കേരള സഭയുടെ രൂപവൽകരണം -ലോക കേരള സഭയിലേക്ക് പ്രതിനിധികളേ (delegates) യും വിശിഷ്ട മലയാളികളേയും നാമനിർദ്ദേശം ചെയ്തു കൊണ്ടും സഭ രൂപീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കേരളീയപ്രവാസി കാര്യ(എ) വകുപ്പ്

**സ.ഉ.(സാധാ) നം./37/2018/നോർക്ക** തീയതി,തിരുവനന്തപുരം, 09/01/2018

---

പരാമർശം:- (1) സ.ഉ.(സാധാ)നം. 498/2017/നോർക്ക തീയതി 02/08/2017
(2) സ.ഉ.(സാധാ)നം.635/2017/നോർക്ക തീയതി 01/11/2017

**<u>ഉത്തരവ്</u>**

വിദേശ മലയാളികൾക്ക് സംസ്ഥാനവുമായി സാംസ്കാരിക – സാമൂഹ്യ – സാമ്പത്തിക സമന്വയം സാധ്യമാക്കുന്നതിന് ഒരു പൊതു വേദി എന്ന നിലയിൽ ആണ് ലോക കേരള സഭ എന്ന ആശയം 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ അവതരിപ്പിക്കപ്പെട്ടത്. വിദേശ മലയാളികൾ മലയാളി സമൂഹത്തിന്റെ അവിഭാജ്യ ഭാഗമാണ്. എന്നാൽ അവർക്കിന്ന് കേരളത്തിനുള്ളിൽ പ്രാതിനിധ്യമില്ല. ഇതിന് പരിഹാരമായാണ് ലോക കേരള സഭയ്ക്ക് രൂപം നല്കുന്നത്. ലോകത്തിന്റെ വിവിധ രാജ്യങ്ങളെ പ്രതിനിധീകരിക്കുന്ന നോമിനേറ്റഡ് അംഗങ്ങളും, കേരള നിയമസഭാംഗങ്ങളും പാർലമെന്റംഗങ്ങളും ലോക കേരള സഭയിൽ അംഗങ്ങളാണ്. ലോക കേരള സഭാ സമ്മേളനം വിദേശ മലയാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും സർക്കാരിന്റെ മുന്നിൽ ഉപദേശ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യും.

2. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ പ്രതിനിധികളുൾപ്പെടെ 351 അംഗങ്ങൾ സഭയിലുണ്ടായിരിക്കും. അംഗങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| **അംഗങ്ങൾ** | **എണ്ണം** |
|---|---|
| നിയമസഭാംഗങ്ങൾ | 141 |
| പാർലമെന്റ് അംഗങ്ങൾ | 33 |
| <u>ഇന്ത്യയ്ക്ക് പുറത്ത് നിന്നുള്ളവർ</u><br>(വെസ്റ്റ് ഏഷ്യ-62, മറ്റ് ഏഷ്യൻ രാജ്യങ്ങൾ-8, അമേരിക്കൻ വൻകരകൾ-8, യൂറോപ്പ്-15, ഇതര രാജ്യങ്ങൾ-6) | 99 |
| ഇന്ത്യയ്ക്കകത്ത് കേരളത്തിന് പുറത്ത് നിന്നുള്ളവർ | 42 |
| പ്രമുഖരായ പ്രവാസികൾ | 30 |
| തിരിച്ചെത്തിയ പ്രവാസികൾ | 6 |
| **ആകെ** | 351 |

3. ലഭ്യമായ അപേക്ഷ സൂക്ഷ്മ പരിശോധന നടത്തി, നോമിനേഷനുകൾ അന്തിമമാക്കുന്നതിന് സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളിൽ നിന്ന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അംഗങ്ങളുടെ നാമനിർദ്ദേശത്തിനായിട്ടുള്ള അന്തിമ പട്ടിക തയ്യാറാക്കിയത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. കൂടാതെ, സ്ക്രീനിംഗ് കമ്മിറ്റി വിശിഷ്ട മലയാളികളുടെ ഒരു പട്ടികയും തയ്യാറാക്കിയിട്ടുണ്ട്. ഇത് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

4 . സർക്കാർ മേൽ പട്ടികകൾ വിശദമായി പരിശോധിച്ചു. സ്ക്രീനിംഗ് കമ്മിറ്റി സമർപ്പിച്ചിട്ടുള്ള അംഗങ്ങളുടെ പട്ടികയും വിശിഷ്ട മലയാളികളുടെ പട്ടികയും അംഗീകരിച്ചുകൊണ്ടും ഈ അംഗങ്ങളെ ഉൾക്കൊള്ളിച്ച് ലോക കേരള സഭ രൂപീകരിച്ചുകൊണ്ടും സർക്കാർ ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA IAS
**പ്രിൻസിപ്പൽ സെക്രട്ടറി**

ചീഫ് സെക്രട്ടറി, തിരുവനന്തപുരം
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമർക്കും
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ ക്കും
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക- റൂട്ട്സ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള പ്രവാസി കേരളീയക്ഷേമ ബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടി, (നോർക്കയുടെ ചുമതല), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
ബഹു. നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ